മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

ജീവനക്കാര്യം: സർവ്വകലാശാല അസംബ്ലി ഹാളിന്റെ ഉപയോഗം - അനൗദ്യോഗിക പരിപാടികൾക്ക് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭരണവിഭാഗം എ1 സെക്ഷൻ

നം. 5482/എ1/2/2018/ഭരണവിഭാഗം	തീയതി, പ്രിയദർശിനി ഹിൽസ്, 13.07.2018

സൂചന: (1) സർവ്വകലാശാല ഉത്തരവ് നമ്പർ 4741/BIII/1/2016/Admn. തീയതി, 27.08.2016.
(2) വൈസ്ചാൻസിലറുടെ കുറിപ്പ് നമ്പർ വി.സി.702/083/2018 തീയതി 12.07.2018.

## ഉത്തരവ്

സർവ്വകലാശാലയിലെ ഔദ്യോഗിക-അനൗദ്യോഗിക പരിപാടികൾ നടത്തുന്നതിനായി സർവ്വകലാശാല അസംബ്ലി ഹാൾ അനുവദിച്ചുനൽകാറുണ്ട്. പ്രവൃത്തിസമയങ്ങളിൽ നടത്തുന്ന ഇത്തരം പരിപാടികളിൽ പങ്കെടുക്കുന്നതിനായി സർവ്വകലാശാല ജീവനക്കാർ തങ്ങളുടെ സെക്ഷനുകളിൽ നിന്ന് മാറിനിൽക്കുന്നത് മൂലം സർവ്വകലാശാലയിൽ വിവിധ ആവശ്യങ്ങൾക്ക് എത്തുന്ന വിദ്യാർത്ഥികൾക്ക് സെക്ഷനുകളിൽ നിന്നും ലഭ്യമാകേണ്ട സേവനങ്ങൾക്ക് വളരെയധികം കാലതാമസമുണ്ടാകുന്നുവെന്ന പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാല അസംബ്ലി ഹാൾ പരിപാടികൾക്ക് അനുവദിച്ചുനൽകുന്നത് സംബന്ധിച്ച് താഴെ പറയുന്ന നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് സർവ്വകലാശാല സൂചന(1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

1. രാവിലെ 10.15-നും, ഉച്ചകഴിഞ്ഞ് 4.45-നും ഇടയ്ക്കുള്ള സമയത്ത് സർവ്വകലാശാല അസംബ്ലി ഹാളിൽ വെച്ച് യാതൊരുവിധ പരിപാടികളും നടത്താൻ സർവ്വകലാശാലയിലെ സർവ്വീസ്/സാംസ്കാരിക സംഘടനകളെ അനുവദിക്കുന്നതല്ല.
2. എന്നിരുന്നാലും, സർവ്വീസ് സംഘടനകൾക്ക് ഒരു വർഷത്തിൽ പരമാവധി മൂന്നു ദിവസവും സാംസ്കാരിക സംഘടനകൾക്ക് ഒരു വർഷത്തിൽ പരമാവധി ഒരു ദിവസവും അസംബ്ലി ഹാളിൽ വെച്ച് പരിപാടികൾ നടത്താവുന്നതാണ്.
3. സർവ്വകലാശാലയുടെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് സാംസ്കാരിക/സാമൂഹിക സംഘടനകൾക്ക് സർവ്വകലാശാല ഫണ്ടിൽ നിന്നുള്ള യാതൊരുവിധ സാമ്പത്തിക സഹായവും അനുവദിക്കുന്നതല്ല.

പ്രവൃത്തിസമയങ്ങളിൽ അനൗദ്യോഗിക പരിപാടികളിൽ പങ്കെടുക്കുവാൻ ജീവനക്കാർ തങ്ങളുടെ സെക്ഷനുകളിൽ നിന്നും മാറിനിൽക്കരുതെന്ന സംസ്ഥാന ഗവൺമെന്റിന്റെ കർശനനിർദ്ദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ, ഇതുവരെ അനുവാദം നൽകിയ പരിപാടികൾ ഒഴികെ, ഭാവിയിൽ അസംബ്ലി ഹാൾ അനുവദിച്ചുനൽകുന്നത് സൂചന(1) സർവ്വകലാശാല ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന വ്യവസ്ഥകൾ കൃത്യമായി പാലിച്ചുകൊണ്ടായിരിക്കണമെന്നും, പ്രവൃത്തിദിവസങ്ങളിൽ, ഔദ്യോഗിക കാര്യങ്ങൾക്കല്ലാതെ, രാവിലെ 10.15-നും, ഉച്ചകഴിഞ്ഞ് 4.45-നും ഇടയ്ക്കുള്ള സമയത്ത് സർവ്വകലാശാല അസംബ്ലി ഹാൾ അനുവദിക്കുന്നതല്ലെന്നും വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
മനോജ്കുമാർ കെ എസ്
അസിസ്റ്റന്റ് രജിസ്ട്രാർ-I (ഭരണവിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

......2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

പകർപ്പ്:

1. സെക്ഷനുകൾ / ഡിപ്പാർട്ട്മെന്റുകൾ/സ്കൂളുകൾ/സെന്ററുകൾ
2. വൈസ് ചാൻസിലറുടെ / പ്രോ വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
4. ജോയിന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ (ഭരണവിഭാഗം / പരീക്ഷാ വിഭാഗം / അക്കാദമികം / ധനകാര്യം)
5. ജീവനക്കാരുടെ സർവ്വീസ്/സാംസ്കാരിക സംഘടനകൾ
6. സെക്യൂരിറ്റി ഓഫീസർ/യൂണിവേഴ്സിറ്റി എഞ്ചിനീയർ
7. പബ്ലിക് റിലേഷൻസ് ഓഫീസർ / കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ / ഐ.ക്യു.എ.സി.
8. സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ് / റെക്കോർഡ്സ് സെക്ഷൻ / ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്, എം.ജി. യൂണിവേഴ്സിറ്റി
9. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി / ഡേ ഫയൽ / നോട്ടീസ് ബോർഡ്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

റഫറൻസ്: ഫയൽ നം. എഡി.എ1-2-220/2018